(ബി) കേന്ദ്ര സർക്കാർ നൽകിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ഓൾട്ടറേഷൻ ഇനത്തിൽ 50 രൂപ ഈടാക്കുന്നുണ്ട്.

(ഡി) ഇന്ധനമായി ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പാചകവാതകം ഉപയോഗിച്ച് ഓടിക്കുന്ന വാഹനങ്ങൾ

134 [3143] ശ്രീ. വി.കെ.സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ ഇന്ധനമായുപയോഗിക്കുന്ന കാറുകളിൽ പാചകവാതകം ഉപയോഗിച്ച് പ്രവർത്തിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ഉപഭോക്താവ് പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണ്; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കുമോ;

(സി) ഇതിനായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങളുടെയും ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ഇ) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച നടപടി എന്തെല്ലാമാണ്;

(എഫ്) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി ആന്റ് ഡി) എൽ.പി.ജി. വാതകം വാഹനങ്ങളിൽ ഇന്ധനമായി ഉപയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവുകളും മറ്റു രേഖകളും കേന്ദ്ര സർക്കാരിൽനിന്ന് ശേഖരിച്ച് നൽകുന്നതാണ്. ലഭ്യമായ രേഖകൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.† എ.ആർ.എ.ഐ., വി.ആർ.ഡി.ഇ. തുടങ്ങിയ ഏജൻസികളുടെ അംഗീകാരമുള്ള എൽ.പി.ജി. കിറ്റുകളാണ് ഘടിപ്പിക്കുന്നത് എന്ന് ഉപഭോക്താക്കൾ ഉറപ്പ് വരുത്തേണ്ടതാണ്.

(ഇ) പുതിയ വാഹനങ്ങൾക്ക് അംഗീകാരം നൽകുന്ന ഓട്ടോമോട്ടീവ് റിസർച്ച് അസ്സോസിയേഷൻ ഓഫ് ഇന്ത്യ (എ.ആർ.എ.ഐ.) വെഹിക്കിൾസ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ് (വി.ആർ.ഡി.ഇ.) തുടങ്ങിയ സ്ഥാപനങ്ങളുടെ അംഗീകാരം ഉള്ള എൽ.പി.ജി. കിറ്റുകൾ വാഹനത്തിൽ ഘടിപ്പിക്കുന്നതിനുള്ള അനുമതി സംസ്ഥാന സർക്കാർ നൽകി വരുന്നു.

(എഫ്) ബി, സി, ഡി എന്നിവയ്ക്ക് നൽകിയിരിക്കുന്ന മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly